കോഴിക്കോട് സർവ്വകലാശാല പരീക്ഷാ നടത്തിപ്പിൽ ക്രമക്കേടുകൾ

101(790) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാലയിൽ പരീക്ഷാ നടത്തിപ്പിൽ ക്രമക്കേടുകൾ നടക്കുന്നതായുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുസംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) പരീക്ഷയിൽ തോറ്റ വിദ്യാർത്ഥികൾക്ക് കൺട്രോളർ ഓഫ് എക്സാമിനേഷന്റെ ചേമ്പറിൽ പ്രത്യേക പരീക്ഷകൾ നടത്തിയത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; ഇങ്ങനെ പരീക്ഷ നടത്തുന്നതിന് ചട്ടമോ കീഴ്വഴക്കമോ ഉണ്ടോ എന്ന് വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത സംഭവത്തെക്കുറിച്ച് സർവ്വകലാശാലയ്ക്ക് പുറത്തുള്ള നിഷ്പക്ഷ ഏജൻസികളെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) കോഴിക്കോട് സർവ്വകലാശാലയിൽ കഴിഞ്ഞ പത്ത് കൊല്ലം നടത്തിയ പരീക്ഷകളിൽ നടന്ന ക്രമക്കേടുകൾ അന്വേഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്നും ഇതുസംബന്ധിച്ച പരാതി ലഭിച്ചിട്ടില്ലായെന്നും കോഴിക്കോട് സർവ്വകലാശാലാ രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(ബി) തോറ്റ വിദ്യാർത്ഥികൾക്ക് പ്രത്യേക പരീക്ഷ നടത്തിയിട്ടില്ല. എന്നാൽ പുനർ മൂല്യനിർണ്ണയത്തിന് അപേക്ഷിക്കുമ്പോൾ ഉത്തരക്കടലാസ്സുകൾ നഷ്ടപ്പെട്ടതിനെത്തുടർന്നും കോടതിവിധികളുടെ അടിസ്ഥാനത്തിലും മറ്റുചില സാങ്കേതിക കാരണങ്ങളാലും അപൂർവ്വമായി പ്രത്യേക പരീക്ഷ നടത്തേണ്ടി വന്നിട്ടുണ്ടെന്നും ഇതിൽ അപാകതകളൊന്നും തന്നെ ഇല്ലെന്നും സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(സി) ഉദിക്കുന്നില്ല.

(ഡി) ക്രമക്കേടുകൾ നടന്നിട്ടില്ല എന്ന് സർവ്വകലാശാല റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കോഴിക്കോട് സർവ്വകലാശാല പരീക്ഷാ ഭവനിൽ അതിക്രമിച്ചു കയറിയ സംഭവം

102(791) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 13-1-2011-ൽ കോഴിക്കോട് സർവ്വകലാശാലയുടെ പരീക്ഷാ ഭവനിലെ രഹസ്യ വിഭാഗത്തിൽ ഒരു രാഷ്ട്രീയ പാർട്ടിയുടെ പ്രാദേശിക നേതാവ് അതിക്രമിച്ചു കയറിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുറത്തുള്ളവർക്ക് പരീക്ഷാ വേനിലേക്ക് പ്രവേശനം നൽകാറുണ്ടോ ; എങ്കിൽ അതിന്റെ നടപടിക്രമം എന്താണ് ; സന്ദർശന സമയം എങ്ങനെയാണ് ; പ്രസ്തുത നടപടിക്രമങ്ങൾ പാലിച്ചിട്ടാണോ 13-1-2011-ന് ശ്രീ. സ്റ്റാലിൻ എന്ന വ്യക്തി പരീക്ഷാ ഭവനിൽ പ്രവേശിച്ചത് ;

(സി) ശ്രീ. സ്റ്റാലിൻ എന്താവശ്യത്തിനാണ് പരീക്ഷാ ഭവനിൽ കയറിയത് ;

(ഡി) പരീക്ഷാ ഭവനിൽ അതിക്രമിച്ച് കയറുന്നത് തടയാൻ മാർഗ്ഗങ്ങൾ ഉണ്ടോ ; എങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കുമോ ;

(ഇ) അതിക്രമിച്ച് കയറുന്നവർക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ടോ ; എങ്കിൽ എന്താണ് വ്യവസ്ഥയെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) പ്രസ്തുത വ്യവസ്ഥകൾ പ്രകാരം ശ്രീ. സ്റ്റാലിനെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ; നടപടി സ്വീകരിക്കുമോ ;

ഉത്തരം

(എ) അതിക്രമിച്ച് കയറിയിട്ടില്ലായെന്ന് കോഴിക്കോട് സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

(ബി) പുറത്തുള്ളവർക്ക് പരീക്ഷാഭവന്റെ അകത്തേക്ക് പ്രത്യേക അനുമതിയില്ലാതെ പ്രവേശനം നൽകാറില്ല. സന്ദർശന സമയം സംബന്ധിച്ച നടപടിക്രമങ്ങൾ പാലിച്ചിട്ടാണ് ശ്രീ. സ്റ്റാലിൻ എന്ന വ്യക്തി പരീക്ഷാ ഭവനിൽ പ്രവേശിച്ചത് എന്ന് സർവ്വകലാശാല രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) പരീക്ഷാ ഭവൻ രണ്ടാം നിലയിൽ നിന്നും സെക്ഷൻ നവീകരണവുമായി ബന്ധപ്പെട്ട് ഫർണിച്ചറും മറ്റു വസ്തുക്കളും മാറ്റുന്നത് സംബന്ധിച്ച തൊഴിൽ തർക്കം പരീക്ഷാ കൺട്രോളറുമായി ചർച്ച ചെയ്യുന്നതിനാണ് നിശ്ചയിച്ച സമയത്ത് ശ്രീ. സ്റ്റാലിൻ പരീക്ഷാ ഭവനിൽ കയറിയത്.

(ഡി) അതിക്രമിച്ചു കയറുന്നത് തടയാൻ വേണ്ടത്ര സെക്യൂരിറ്റി സിസ്റ്റം നിലവിലുണ്ടെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ഇ) അതിക്രമിച്ചു കയറുന്ന സാഹചര്യം ഉണ്ടായാൽ പോലീസിന്റെ സഹായം തേടാറുണ്ട്. പോലീസിന്റെ പരാതിയും നൽകാറുണ്ട്. കോൺഫിഡൻഷ്യൽ സെക്ഷനിൽ യാതൊരു കാരണവശാലും അതിക്രമിച്ചു കയറുവാൻ സാധ്യമല്ല എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(എഫ്) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly